ടി ബി യുടെ പല കൂട്ടായ്മകളിലും മൈക്കിൾ ജാക്സണെ നമ്മുടെ ഓർമയിലേക്ക് കൊണ്ട് വരുന്നത് അനീഷ് ചന്ദ്രൻ ആണ്. എന്നാൽ ഓണക്കാലത്ത് ടി ബി യുടെ എറണാകുളം ചാപ്റ്റർ മീറ്റിൽ മറ്റൊരു മൈക്കിൾ ജാക്സൺ കാണികളെ വിസ്മയിപ്പിച്ചു. ചുവടുകളിലും ചലനങ്ങളിലും തന്റെ പ്രിയതമക്കൊപ്പം മാസ്മരിക പ്രകടനം കാഴ്ച വച്ച ആ കലാകാരൻ ആണ് ഈ ആഴ്ചത്തെ ദളം മനോഹരമാക്കുന്നത്.

എം രാജ്മോഹൻ
സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ
എളമക്കര ശാഖ

സിൻഡിക്കേറ്റ് ബാങ്കിൽ നിന്നുംചീഫ് മാനേജർ ആയി റിട്ടയർ ചെയ്ത അമ്പലപ്പുഴ സ്വദേശി കെ മോഹനൻ കുട്ടിയുടെയും തൃശ്ശൂർ സ്വദേശിനി കെ കെ സുജയുടെയും മകനാണ് രാജ്മോഹൻ. ഇളയ സഹോദരി രഞ്ജു അശ്വിൻ ഭർത്താവ് അശ്വിനോടും മകൻ ഇഷാനോടുമൊപ്പം യു എസ്സിൽ സ്ഥിര താമസം.

അച്ഛൻ ബാങ്കിലായിരുന്നത് കൊണ്ട് പലയിടങ്ങളിലായിരുന്നു രാജ്മോഹന്റെ വിദ്യാഭ്യാസം. കെ ജി ക്ലാസുകൾ എറണാകുളം ഐ ജി എം പബ്ലിക് സ്കൂൾ, രണ്ടാം ക്ലാസ്സ് വരെ കോട്ടയം സാൻകോ പബ്ലിക് സ്കൂൾ, മൂന്നാം ക്ലാസ്സ് കാഞ്ഞങ്ങാട് ലിറ്റിൽ ഫ്ലവർ ഗേൾസ് ഹൈസ്കൂൾ, നാല് മുതൽ ഏഴ് വരെ ഡൽഹിയിലെ കേരള സ്കൂൾ, എട്ട് മുതൽ പന്ത്രണ്ട് വരെ തിരുവനന്തപുരം പട്ടം സെന്റ് മേരീസ് സ്കൂൾ ഇങ്ങനെ വിവിധ ഇടങ്ങളിൽ.. ഇവിടെയെല്ലാം രാജ്മോഹൻ തന്നിലേക്കൊതുങ്ങിയ ഒരു സാധാരണ വിദ്യാർത്ഥിയായിരുന്നു.

പ്ലസ് ടുവിന് ശേഷം തൊടുപുഴ മുട്ടം യൂണിവേഴ്സിറ്റി കോളേജ് ഓഫ് എഞ്ചിനീറിങ്ങിൽ പഠിക്കുമ്പോഴാണ് കലാരംഗത്തെ മോഹങ്ങൾക്ക് ചിറക് മുളക്കുന്നത്. ഏറെ ആകർഷിച്ചത് മൈക്കിൾ ജാക്സൺ എന്ന അതുല്യ പ്രതിഭ. ഇന്നത്തെപ്പോലെ നൂതന മാധ്യമങ്ങൾ ഇല്ലെങ്കിൽ കൂടി ഏകലവ്യനെപ്പോലെ അന്നത്തെ നോക്കിയ മൾട്ടിമീഡിയ ഫോൺ വഴി അദ്ദേഹത്തിന്റെ നൃത്തപ്രകടനങ്ങൾ കാണാനും അനുകരിക്കാനും സ്വായത്തമാക്കാനും ഉള്ള ശ്രമങ്ങൾ ആയിരുന്നു. അത് വിജയിച്ചതിന്റെ ഉദാഹരണമാണ് തുടക്കത്തിൽ സൂചിപ്പിച്ച നൃത്തപ്രകടനം.

ഒതുങ്ങി നടന്ന ഒരു പയ്യൻ എന്ന പുറന്തോട് പൊട്ടിച്ച് രാജ്മോഹൻ ഒരു വർണശലഭമായി ക്യാമ്പസ്സിൽ പാറിനടന്നു. ഡേഞ്ചറസ് ബോയ്സ്... എന്ന ആദ്യ പ്രകടനത്തോടെ ക്യാമ്പസ്സിൽ തനിക്കായി ഒരിടം തീർക്കാനായി രാജ്മോഹന്. കൂട്ടുകാരും അദ്ധ്യാപകരും ഒക്കെ ശ്രദ്ധിക്കാൻ തുടങ്ങിയ കാലം.

ചില പ്രത്യേക സാഹചര്യങ്ങളിൽ കോഴ്സ് പൂർത്തിയാക്കാതെ ക്യാമ്പസ്

വിടുകയും വിദൂരവിദ്യാഭ്യാസ പദ്ധതിയിലൂടെ ബി കോം കരസ്ഥമാക്കുകയും ചെയ്തു. പിന്നെ ഒരു ജോലിക്കായുള്ള ശ്രമം. പരിശീലന ക്ലാസുകൾ, പഠനം ഒടുവിൽ 2015ൽ സിൻഡിക്കേറ്റ് ബാങ്കിൽ നിയമനം, ഏതാനും മാസങ്ങൾക്കുള്ളിൽ സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂറിലേക്ക്. പായിപ്ര ഏ ഡി ബി യിൽ ആദ്യനിയമനം. അവിടെനിന്നും എൽ സി പി സി യിലേക്കും തുടർന്ന് ഇപ്പോൾ ജോലി ചെയ്യുന്ന എളമക്കര ശാഖയിലേക്കും.

അപ്പോഴേക്കും ഡാൻസിന് പുറമെ അഭിനയം, പാട്ട് തുടങ്ങിയ മേഖലകളിലേക്കും രാജ്മോഹന്റെ താല്പര്യങ്ങൾ മേഞ്ഞു തുടങ്ങി. സ്വയമുള്ള നൃത്തപരിശീലനം ഒരു സാധനയായി.

2018ൽ അഭിഭാഷക ആയ രവീണ ജീവിതത്തിലേക്ക് വന്നത് കലാപ്രവർത്തനങ്ങൾക്ക് കൂടുതൽ തെളിച്ചം നൽകി. 2020ൽ കൊറോണക്കാലത്ത് ടിക് ടോക് സജീവമായ കാലത്ത് ഇരുവരും ചേർന്ന് ചെയ്ത റീലുകൾ ഹിറ്റ് ആയി തുടങ്ങിയതോടെ രവീണ യൂട്യൂബ് ആരംഭിച്ചു. "വൈബ് വിത്ത് രവീണ" എന്ന ചാനൽ പതിയെ പതിയെ ശ്രദ്ധ നേടി തുടങ്ങിയപ്പോൾ ബാങ്കിൽ തന്നെയുള്ള മറ്റ് പ്രതിഭകളെ ശ്രദ്ധിക്കാനും അവരെ ബന്ധപ്പെടാനും തുടങ്ങി.

അങ്ങനെയാണ് നമ്മുടെ മുൻകാല ദളം അരുൺ കുമാറിന്റെ ടീമിലേക്ക് എത്തുന്നതും ചില ഹ്രസ്വചിത്രങ്ങളിൽ അഭിനേതാവാകുന്നതും. അതിൽ ഏറെ ശ്രദ്ധിക്കപ്പെട്ട ഒന്നായിരുന്നു "കൃപേഷിന്റെ വാരഫലം".

ടാലന്റഡ് ബാങ്കേഴ്സിൽ എത്താനുള്ള വഴിയൊരുക്കിയത് ഈ കൂട്ടായ്മയും മറ്റൊരു ദളം റോസ് മേരിയുടെ പ്രേരണ യുമാണ്. അങ്ങനെ തിരുവനന്തപുരം മീറ്റിൽ ശ്രദ്ധേയമായ പ്രകടനം ഒരുക്കി രാജ്മോഹൻ. മീറ്റിന്റെ അവസാന നിമിഷങ്ങളിൽ സദസ്സിനെ ത്രസിപ്പിച്ച മുഹൂർത്തങ്ങളാണ് രാജ്മോഹനും റോസ് മേരിയും ചേർന്ന് കാഴ്ച വച്ചത്. ഒപ്പം സ്വം എന്ന വൈവിധ്യമാർന്ന ഇനത്തിലും. എങ്കിലും ഏറെ ശ്രദ്ധ നേടിയത് ഇക്കഴിഞ്ഞ എറണാകുളം
ചാപ്റ്റർ മീറ്റിൽ ആണ്.
മൈക്കിൾ ജാക്സന്റെ മനോഹരമായ നൃത്തം രവീണക്കൊപ്പം സ്റ്റേജിൽ അവതരിപ്പിച്ച് ഏവരുടെയും പ്രശംസ പിടിച്ചു പറ്റി. മൂൺ വാക്ക് വളരെ അനായാസമായി അവതരിപ്പിച്ച ആ നൃത്തം ഇന്നും അന്നവിടെ ഉണ്ടായിരുന്ന പലരുടെയും മനസ്സിൽ ഉണ്ട്.

ഒരുപാട് കഴിവുകൾ ഉള്ള കലാകാരൻ, നൃത്തത്തിൽ ഏറെ മുന്നോട്ട് പോകാൻ കഴിയുന്ന പ്രതിഭ, എന്നാൽ ഒരു ബഹളവുമില്ലാത്ത ശിശുസഹജമായ നിഷ്കളങ്കത നിറഞ്ഞ പയ്യൻ..
പക്ഷേ അരങ്ങിലെത്തിയാൽ തികഞ്ഞ നർത്തകൻ.. എന്നൊക്കെയാണ് റോസ് മേരി രാജ്മോഹനെ ക്കുറിച്ച് പറയുന്നത്.

ധാരാളം ആളുകൾ പ്രേക്ഷകരായുള്ള രവീണയുടെ യൂട്യൂബ് ചാനൽ ടി ബി യുടെ പല നിമിഷങ്ങൾക്കും മികച്ച പിന്തുണയുമായി എത്താറുണ്ട് എന്നത് സ്നേഹത്തോടെ പറയട്ടെ.
മൂന്നര വയസ്സുള്ള റിഥാൻ രാജ്മോഹൻ, രവീണ എന്നിവർക്കൊപ്പം എറണാകുളത്ത് എളമക്കരയിൽ സ്ഥിര താമസമാക്കിയ രാജ്മോഹന് തന്റെ നൃത്തസപര്യയും അഭിനയവും ബാങ്ക് ജോലിക്കൊപ്പം കൂടുതൽ തെളിമയോടെ മുന്നോട്ട് കൊണ്ട് പോകണം എന്നാണ് ആഗ്രഹം. അതിന് രാജ്മോഹന് കഴിയട്ടെ എന്ന് ടി ബി കുടുംബം ആത്മാർത്ഥമായി ആശംസിക്കുന്നു.

-----------------------------------------------------------------------------------------------

തയ്യാറാക്കിയത് : അനിൽ ഉണ്ണിത്താൻ ( Anil Unnithan), Retired - സെൻട്രൽ ബാങ്ക് ഓഫ് ഇന്ത്യ

English version: Drisya Saseendran , Union Bank of India, Regional Office, Udupi

അവതരണം : സ്വപ്നരാജ് (Swapna Raj), സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ, RASMEC കുന്നംകുളം

-----------------------------------------------------------------------------------------------

In many congregations of TB, it is Aneesh Chandran who rekindles our memories of Michael Jackson.However, during the Ernakulam meet held in the backdrop of the festivities of Onam season, another person who performed as Michael Jackson enchanted the audience with his soul-stirring performance.

That artist who left the audience enraptured with his graceful and ethereal moves of finesse alongside his better half is the talented banker on which we attempt to put our spotlight on, this week.

M. Rajmohan
State Bank of India
Elamakkara branch

He was born in Thrissur as the son of K. Mohanan Kutty, a native of Ambalappuzha and a retired Chief Manager of Syndicate Bank, and K. K. Sujaya, a native of Thrissur.

His younger sister, Renju Ashwin, is settled in United States with her spouse Ashwin and son, Ishaan.

Since his father worked in bank, Rajmohan’s education spanned many places; I.G.M. Public School in Ernakulam, Sanko Public School in Kottayam, Little Flower Girls’ High School in Kanhangad, Kerala School in Delhi, and St. Mary’s school in Pattom, Thiruvananthapuram.

In all these places, he remained a modest student settling for mediocrity,being lost in his own

world.

It was at the University College of Engineering, Thodupuzha, that his artistic aspirations unfurled wings.

He was deeply deeply by the iconic genius of Michael Jackson.

Even in times devoid of modern media, he attempted to learn Jackson's movements through a simple Nokia multimedia phone.The performance mentioned earlier stands as a testament to the triumph of his painstaking efforts.

Breaking free from all reluctance and barriers he fluttered across the campus as a butterfly with magical hues.His debut act, "Dangerous Boys," brought him recognition and reverence.

Though circumstances led him to leave the campus before completing his degree, he later earned his **B.Com** through distance education.

After arduous and unwavering efforts, his journey culminated in a placement at Syndicate Bank in 2015.Within months, he got appointment in State Bank of Travancore.His first posting was at ADB Branch, Payippra from where he was transferred to LCPC, and then to Elamakkara.

Beyond dance his curiosity transcended into acting and music.When Raveena, a lawyer, his life in 2018, his world brimmed with new luminescence.

In the time of covid during 2020, the reels done by them gained widespread attention.Soon, Raveena launched "Vibe with Raveena" earning her more recognition. Subsequently Rajmohan entered Arun Kumar's team performing in short films.Among these, "Kripeshinte Varaphalam" resonated profoundly, reverberating in viewers' hearts.

It was this team along with the encouragement of Rosemary, who has been featured through this column before that helped Rajmohan find his way to Talented Bankers.

At the Thiruvananthapuram Meet, Rajmohan delivered a performance resplendent with passion.And in the final moments, when he and Rosemary took the stage together, the crowd was completely drawn in by their energy and chemistry.They also teamed up for a beautiful performance in the diverse category item "Swam."

His Ernakulam Chapter performance remains enshrined in the hearts of those who beheld it. His rendition of Michael Jackson's dance with Raveena earned thunderous applause when it stood out with effortless execution of moonwalk.

As Rosemary says, "Rajmohan is an innocent virtuoso.However,when he steps on stage, he transforms into a transcendent performer".

Rajmohan resides in Elamakkara with Raveena and their three and a half year old son Rithaan Rajmohan.He dreams of pursuing his passion alongside his banking career.

The TB family extends heartfelt wishes to Rajmohan to climb the higher echelons of artistry.